**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2197** **14-10-2024 - ൽ മറുപടിയ്ക്ക്**

**അംഗനവാടി ജീവനക്കാരുടെ ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അംഗനവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകളിൽ വ്യക്തതയും കൃത്യതയും ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | **അങ്കണവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകളിൽ വ്യക്തതയും കൃത്യതയും ഉണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അങ്കണവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകളും പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.** |
| (ബി) | ഐ.സി.ഡി.എസ്. വകുപ്പിൽ അല്ലാതെ അംഗനവാടി ജീവനക്കാരെ മറ്റേതെങ്കിലും വകുപ്പുകളിലെ ജോലി ഏല്പിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ ഏല്പിക്കുന്ന ജോലിക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാറുണ്ടോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളാണ് അങ്കണവാടികൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അങ്കണവാടി പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അങ്കണവാടി ജീവനക്കാർ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട സർവ്വേ ഉൾപ്പെടെയുള്ള ജോലികൾ ചെയ്യുന്നുണ്ട്. ഇങ്ങനെ ഏല്പിക്കുന്ന ജോലിക്ക് അങ്കണവാടി ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകാറില്ല. |
| (സി) | അംഗനവാടി ജീവനക്കാരെ മറ്റ് ജോലികൾ അടിച്ചേൽപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളാണ് അങ്കണവാടികൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അങ്കണവാടി പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അങ്കണവാടി ജീവനക്കാർ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട സർവ്വേ ഉൾപ്പെടെയുള്ള ജോലികൾ ചെയ്യുന്നുണ്ട്. ഇങ്ങനെ ഏല്പിക്കുന്ന ജോലിക്ക് അങ്കണവാടി ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകാറില്ല. |

സെക്ഷൻ ഓഫീസർ